# ചെല്ലാനത്തിന്റെയും കണ്ടേക്കാട്ടു ഗാപ്പിന്റെയും ചരിത്രം

## (കൊച്ചിയിലെ തുറമുഖങ്ങളുടെ ചരിത്രം)

(പി.ജെ.ടോമി, പാലാരിവട്ടം)
കൊച്ചി-682025
ഫോൺ: 95484 2340397

●●●●●●●●●●●

കൊച്ചിയിലെ ആദ്യത്തെ തുറമുഖം ചെല്ലാനത്തായിരുന്നു. രണ്ടാമത്തേതാണ് കൊച്ചി അന്തർദേശീയ തുറമുഖം. മൂന്നാമത്തേത് ചെല്ലാനം കണ്ടേക്കാട്ടുപറമ്പിലെ 'ഫിഷ് ലാൻഡിങ്ങ്' അഥവാ കടൽ വള്ളക്കടവ്. ഇപ്പോൾ പദ്ധതിയിട്ടിരിക്കുന്ന കണ്ടേക്കാട്ടു ഗാപ്പിലെ ഫിഷറീസ് ഹാർബർ നാലാമത്തെ തുറമുഖമാകും.

'ചെല്ലാനം' എന്ന പേര് 'ചെല്ലാവനം' എന്നത് ലോപിച്ചുണ്ടായതാണെന്ന ഒരു അഭിപ്രായമുണ്ട്. എന്നാൽ ആ അഭിപ്രായം ചരിത്ര രേഖകൾക്ക് യോജിക്കുന്നില്ല. 1757 ലെ കരപ്പുറം ഉടമ്പടിയിലും, 1775 ലെ കേട്ടെഴുത്ത്, 1820 ലെ കണ്ടെഴുത്ത് രേഖകളിലും, ചെല്ലാനത്തെ ചെല്ലാനി എന്നാണ് പറഞ്ഞിരിക്കുന്നത്. തന്മൂലം ചെല്ലാനി എന്ന പദം ലോപിച്ച് ചെല്ലാനമായിതീർന്നതായി കരുതാം.

ചെല്ലാവനം ഒരു കവിഭാവനയിൽ ഉണ്ടായപദമാണ്. അതിന് ചരിത്ര പിൻബലമില്ല. പിൽക്കാലത്ത് ഉണ്ടായ ഒരു പദത്തിന് പൂർവ്വപ്രാബല്ല്യം നൽകി വ്യാഖ്യാനിക്കുന്നത് നിപുണമല്ല. പക്ഷെ ചെല്ലാനി എന്ന പദത്തിൽ തന്നെ, ചെന്നെത്താൻ പ്രയാസമുള്ള സ്ഥലം, ദുർഘട പ്രദേശം, ചെല്ലാവനം എന്നെല്ലാം ധ്വനിയുണ്ട്. അല്ലാതെ ഒരു രേഖയിലുമില്ലാത്ത 'ചെല്ലാവനം' സൃഷ്ടിച്ച് അത് ലോപിച്ചുണ്ടായതാണ് ചെല്ലാനം എന്ന് പറയുന്നത് ചരിത്രമാകില്ല.

### <u>ചെല്ലാനത്തിന്റെ ചരിത്രം</u>

ഇന്ന് ദാരിദ്ര്യമേഖലയെന്ന് അറിയപ്പെടുന്ന ചെല്ലാനത്തിന് ആയിരത്തിലേറെ കൊല്ലത്തെ ചരിത്രമുണ്ട്. മനോഹരവും സമ്പന്നവും ആയിരുന്നു ചെല്ലാനം ഉൾപ്പെടെയുള്ള തീരപ്രദേശം. (1). ചെല്ലാവനം എന്ന നിർവ്വചനം ചെല്ലാനത്തെപ്പറ്റി അറിയാനുള്ള തൃഷ്ണ നശിപ്പിക്കാൻ ഇടയാക്കിയോ എന്ന് സംശയിക്കുന്നു.

ചെല്ലാനത്തിന്റെ ചരിത്രത്തിന് കൊച്ചി അഴിയുടെ ചരിത്രവുമായി നേരിട്ടു ബന്ധമുണ്ട്. എ.ഡി.1341ൽ കൊച്ചീ അഴി (കൊച്ചഴി) രൂപപ്പെട്ടത് കൃത്യമായി അംഗീകരിച്ചിട്ടുണ്ടല്ലോ (2). ഇന്ന് ചെല്ലാനം സെന്റ് ജോർജ് പള്ളി സ്ഥിതിചെയ്യുന്ന സ്ഥലം, കൊച്ചഴി രൂപപ്പെടുന്നതിന് മുൻപ്, ഒരു അഴി ആയിരുന്നു. 200 മീറ്ററിൽ കൂടുതൽ വീതിയുണ്ടായിരുന്നു ആ അഴിക്ക്. അന്ധകാരനഴി എന്നായിരുന്നു പേര്. പണ്ട് കൊടുങ്ങല്ലൂരിനും പുറക്കാടിനും ഇടയ്ക്ക് ജല നിർഗമനത്തിനുള്ള പ്രധാന അഴിയും തുറമുഖവും ആയിരുന്നു അത്. ആ അഴിയുടെ വടക്കേ കൈവഴിയിലൂടെ ഈരവേലിക്കായൽ, വെളുത്തുള്ളിക്കായൽ എന്നിവ വഴിയും, തെക്കേ കൈവഴിയിലൂടെ പൊന്നാംവെളിത്തോട് കായൽ എന്നിവ വഴിയും വേമ്പനാട്ടുകായലുമായി ബന്ധിച്ചിരുന്നു. വേമ്പനാട്ടുകായലിലെ വെള്ളം ഏതാണ്ട് പൂർണ്ണമായിത്തന്നെ കടലിൽ എത്തിയിരുന്നത് ചെല്ലാനം അന്ധകാരനഴിയിലൂടെ ആയിരുന്നു.



ചെല്ലാനം അന്ധകാരനഴിയുടെ അവശിഷ്ടം



ചെല്ലാനം സെന്റ് ജോർജ്ജ് പള്ളി

ഇന്ന് ഫലഭൂയിഷ്ടമായ തുറവൂർ-വെട്ടയ്ക്കൽ പാടശേഖരങ്ങൾ പണ്ട് ആഴമുള്ള ജലാശയങ്ങളായിരുന്നു. വേമ്പനാട്ടു കായലിലെ എക്കൽ അടിഞ്ഞുണ്ടായതാണ് തുറവൂർ-വെട്ടയ്ക്കൽ പാടശേഖരങ്ങൾ. ചെല്ലാനം അന്ധകാരനഴിയുടെ 'പ്രാകൃതവാർഫ്' ആയിരുന്നു കിഴക്കെ മനക്കോടം.

കേരളത്തിന്റെ കൃത്യമായ ചരിത്രം പോർച്ചുഗീസുകാരുടെ വരവിന് ശേഷമാണല്ലോ. അന്ധകാരനഴിയിലൂടെ പായ്ക്കപ്പലുകളും സഞ്ചാര നൗകകളും വന്നിട്ടുണ്ട്. സിറിയയിൽ നിന്ന് മാർ സപ്പോർ, മാർ പ്രോത്ത് എന്ന മെത്രാന്മാർ (820 ?) അന്ധകാരനഴിയിലൂടെ മനക്കോടത്ത് എത്തിയത് സഭാചരിത്ര രേഖയാണ്. (3). ചെല്ലാനം അന്ധകാരനഴി ഒരു മത്സ്യബന്ധന തുറമുഖവുമായിരുന്നു. നാടൻ വള്ളങ്ങൾ മാത്രമേ അന്നുണ്ടായിരുന്നുള്ളൂ.

അഴിക്ക് വേമ്പനാട്ടുകായലുമായി ഉണ്ടായിരുന്ന സമ്പർക്കം മുന്നേ പ്രസ്താവിച്ചിട്ടുണ്ടല്ലോ. കൂടാതെ വടക്കോട്ട് രാമേശ്വരം തോടുവരെയും തെക്കോട്ട് തൈയ്ക്കൽ വരെയും നീണ്ടു കിടന്ന വിശാലമായ ഒരു ഉൾനാടൻ ജലപാതയും ഉണ്ടായിരുന്നു. ഉപ്പത്തക്കാട് തോട് ആയിരുന്നു അത്. ആ തോടിനോടു ചേർന്ന് വിശാലവും ഫലഭൂയിഷ്ടവുമായ ഉപ്പത്തക്കാട് കരിനിലങ്ങളുമുണ്ടായിരുന്നു. ആ കരിനിലങ്ങളായിരുന്നു തീരദേശത്തിന്റെ നെല്ലറ.

കൊച്ചഴിയുടെ ഉത്ഭവത്തോടെ കടലാക്രമണവും ആരംഭിച്ചു. തൽഫലമായി കരിനിലങ്ങൾ പൂർണ്ണമായും, ഉപ്പത്തക്കാട് തോട് ഭാഗികമായും നശിച്ചു.



ഉപ്പത്തക്കാട് തോടിന്റെ അവശിഷ്ടം



വിജയൻ കനാലിന്റെ തെക്കേ അറ്റം

തീരദേശത്തെ യാത്രാ സൗകര്യം നഷ്ടപ്പെട്ടപ്പോൾ അന്ന് കൊച്ചി ദിവാനായിരുന്ന വീജയരാഘവാചാര്യ പകരം നിർമ്മിച്ചതാണ് വിജയൻ കനാൽ. ചെല്ലാനത്തിന്റെ (കൊച്ചിയുടെ) തെക്കെ അതിർത്തിയിൽ നിന്ന് ആരംഭിച്ച് വടക്ക് പുത്തൻ തോടുവരെ എത്തി, പിന്നെ കിഴക്കോട്ടു തിരിഞ്ഞ് കല്ലഞ്ചേരിക്കായലിൽ എത്തുന്നതാണ് ആ തോട്. കല്ലഞ്ചേരികായലിൽനിന്ന് പിന്നെ വേമ്പനാട്ടുകായലിൽ പ്രവേശിക്കണമായിരുന്നു. എന്നാൽ ചെറിയ വള്ളങ്ങൾക്ക് വേമ്പനാട്ടുകായലിലൂടെയുള്ള അപകട യാത്ര ഒഴിവാക്കാൻ ഇടക്കൊച്ചിയിൽ ഒരു എളുപ്പ വഴിയും നിർമ്മിച്ചു. തന്മൂലം വള്ളങ്ങൾക്ക് അപകടം കൂടാതെ പള്ളുരുത്തിയിൽ എത്താം. എന്നാൽ ഇടുങ്ങിയ ആ തോടിൽ കൂടി തക്കം (ഏറ്റിറക്കം) അനുസരിച്ച് മാത്രമേ യാത്ര തുടരാൻ കഴിഞ്ഞിരുന്നുള്ളു. തക്കം തെറ്റി എത്തുന്ന വള്ളക്കാർ 3-4 മണിക്കൂർ അവിടെ കാത്തുകിടക്കണമായിരുന്നു. അന്ന് ആ തോടിന്റെ തീരത്ത് ആഹാരം ലഭിക്കാൻ സൗകര്യമില്ലായിരുന്നു. ആഹാരം സ്വയം കരുതീട്ടില്ലാത്തവർ 3-4 മണിക്കൂർ പട്ടിണിയായിരുന്നു. അങ്ങനെ പട്ടിണികിടന്ന വള്ളക്കാർ ആ തോടിന് പഷ്ണി തോട് എന്ന് പേരിട്ടു.

1341ൽ കൊച്ചീ അഴി രൂപപ്പെട്ടപ്പോൾ വേമ്പനാട്ടുകായലിലെ ഒഴുക്ക് നേരെ കൊച്ചീ അഴിയിലൂടെയായി. അന്ധകാരനഴിയിൽ ഒഴുക്ക് ഇല്ലാതായപ്പോൾ ക്രമേണ മണ്ണടിഞ്ഞ് അഴി നിവർന്നു തുടങ്ങി

കൊച്ചീ രാജ്യത്ത് 1775ൽ നടന്ന കേട്ടെഴുത്ത് കാലത്ത് അന്ധകാരനഴിയുടെ വടക്കേ കരയിൽ (ചെല്ലാനത്ത്) താമസിച്ചിരുന്ന മൂന്നുപേർ അഴിയുടെ ചരിത്രവുമായി ബന്ധപ്പെടുന്നു. (1) പറയക്കാട്ടിൽ അന്തേരപാച്ചി (2) അഴീക്കൽ താമസിക്കും പണിക്കവീട്ടിൽ യാക്കോ കൈയ്ചാരി (3) ടി. കൊച്ചപ്പായി എന്നവരാണവർ. കേട്ടെഴുത്തിനുശേഷം അഴിപൂർണ്ണമായും നിവർന്നപ്പോൾ ആ സ്ഥലം കൊച്ചിയും തിരുവിതാംകൂറും തമ്മിൽ സമമായി ഭാഗിച്ചെടുത്തു. കൊച്ചിയുടെ വീതത്തിൽ കൊച്ചപ്പായി 1797 ഒരു കുരിശുപള്ളി പണിതു: സെന്റ് ജോർജ്ജ് കുരിശുപള്ളി. കൊച്ചപ്പായി പണിത ആ കുരിശുപള്ളി, കൊച്ചപ്പായിപ്പള്ളിയെന്നും,

അഴീക്കൽപ്പള്ളിയെന്നും അറിയപ്പെട്ടു. 1820ലെ കണ്ടെഴുത്ത് കാലത്തും മൂന്നുപേരും അവിടെ താമസിച്ചിരുന്നു. 1837ൽ കുരിശുപള്ളി വിപുലീകരിക്കുകയും വരാപ്പുഴ അപ്പസ്തോലിക്ക ഫ്രാൻസീസോ സേവ്യർ പെസെറ്റോ തിരുമേനി സെന്റ് ജോർജ്ജ് കുരിശുപള്ളി ഇടവകപ്പള്ളിയായി ഉയർത്തുകയും ചെയ്തു (4).

1905ലെ സർവ്വേ സെറ്റിൽമെന്റ് രേഖകളിൽ പറയകാട്ടിൽ അന്തേരപാച്ചിയില്ല. അദ്ദേഹം തിരുവിതാംകൂറിന്റെ വീതത്തിലേയ്ക്ക് താമസം മാറ്റിയതാവാം. കൊച്ചിയുടെ വീതത്തിൽ നിന്ന് 2.99 ഏക്കർ സ്ഥലം ചെല്ലാനം സെന്റ് ജോർജ്ജ് പള്ളിയ്ക്ക് പതിച്ചു നൽകി. ഒരു സെന്റ് ഭൂമി വഴിക്കും വിട്ട് ബാക്കി സ്ഥലങ്ങൾ കൊച്ചീ വലിയ തമ്പുരാൻ കോവിലകം വകയായി. പണ്ടത്തെ കൈവശക്കാർ പാട്ടക്കാരുമായി.

അഴീക്കൽ താമസിച്ചിരുന്ന പണിക്ക വീട്ടിൽ കൈപ്പാരിയുടെ മകളെ തൈയ്ക്കൽ സ്വദേശി പാല്ല്യത്തയ്യിൽ വറുത് വിവാഹം ചെയ്ത് അഴീക്കൽ താമസമാക്കി. അങ്ങനെ വറുതും മക്കളും അഴീക്കൽകാരായി.

## സാമ്പത്തീകം

കൊച്ചീരാജ്യത്ത് പണ്ടേ അരി കമ്മിയായിരുന്നു. ഇന്ത്യ സ്വാതന്ത്ര്യയാകുന്നതുവരെ ആ കമ്മി നികത്തിയിരുന്നത് ബർമ്മാ അരി കൊണ്ടായിരുന്നു. അക്കാലത്ത് തെക്കേ ഇന്ത്യക്കാരുടെ സമ്പർക്കം സിലോൺ, മലയ, ബർമ്മ മുതലായ തെക്ക് കിഴക്കൻ ഏഷ്യക്കാരുമായിട്ടായിരുന്നു. പല മലയാളികളും പ്രത്യേകിച്ച് തീരദേശ വാസികളും സിലോൺ, ബർമ്മ, മലയ പ്രദേശങ്ങളിൽ ജോലിയിലും വ്യാപാരത്തിലും ഏർപ്പെട്ടിരുന്നു. സിലോൺകാരൻ, മലയക്കാരൻ, ബർമ്മക്കാരൻ എന്ന പേരുകാർ കേരളത്തിൽ പലരുണ്ട്. ചെല്ലാനത്തു നിന്നുതന്നെ മലയയിൽ പോയിട്ടുള്ളവരിൽ ഈ ലേഖകൻ അറിയുന്നവരാണ്.
ആറാട്ടുകുളം അഗസ്തീഞ്ഞ തോമസ്
ആലുങ്കൽ അകസ്തീഞ്ഞ ജോർജ്ജ്
പാല്ല്യത്തയ്യിൽ സിരുൾ റമീജ് – ഇവരിൽ റമീജ് മാത്രം മടങ്ങി വന്നു.

1341ന് മുൻപ് ബർമ്മയിൽ നിന്ന് അരി വന്നിട്ടുള്ളത് അന്ധകാരനഴിയിലൂടെ ആയിരിക്കണം അന്ധകാരനഴിയുടെ വടക്കേ കരയിൽ ചെല്ലാനത്ത് ഒരു ചാപ്ര-പാണ്ടികശാല ഉണ്ടായിരുന്നു. അത് കൊച്ചപ്പായിയുടെ ചാപ്ര ആയിരുന്നു. അഴി നിവർന്നു പോകുകയും ചാപ്ര ഉപയോഗശൂന്യമാകുകയും ചെയ്തപ്പോൾ അതിന്റെ ഒരു ഭാഗം കൊച്ചപ്പായിപ്പള്ളിയുടെ വെടിപ്പുരയായി ഉപയോഗിച്ചിരുന്നത് ലേഖകൻ കണ്ടിട്ടുണ്ട്.

കൊച്ചഴി രൂപപ്പെട്ടശേഷം കയറ്റിറക്കുമതികൾ ആ വഴിക്കായപ്പോൾ ചെമ്മീൻ പരിപ്പ് റംഗൂണിലേക്ക് കയറ്റി അയച്ചതിന് തെളിവുണ്ട്.

വേനൽക്കാലത്ത് ചെമ്മീൻ ധാരാളം ലഭിച്ചിരുന്നു. ശീതീകരണികൾ ഇല്ലായിരുന്നുതാനും. തന്മൂലം ചെമ്മീൻ പുഴുങ്ങി, ഉണക്കി ചാക്കിൽ തല്ലി പരിപ്പാക്കി ആയിരുന്നു കയറ്റുമതി. ചെമ്മീൻ പരിപ്പിന്റെ ഏറ്റവും പ്രധാന മാർക്കറ്റായിന്നു റംഗൂൺ (ബർമ്മ) അരിക്കുപകരം ചെമ്മീൻ പരിപ്പായിരുന്നു മാറ്റവസ്തു. സാന്ദർഭീക തെളിവുകൾ വച്ച് അന്ധകാരനഴിയിലൂടെയുള്ള കയറ്റിറക്കുമതികളുടെ നേതൃത്വം കൊച്ചപ്പായിക്ക് ആയിരുന്നെന്ന് അനുമാനിക്കാം അരി ഇറക്കുമതിയും ചെമ്മീൻ പരിപ്പ് കയറ്റുമതിയും നടന്നതിന് തെളിവാണ് ചാപ്ര-പാണ്ടികശാല.

## പഞ്ചായത്ത്

കൊച്ചീ രാജ്യത്ത് പഞ്ചായത്ത് ഭരണക്രമത്തിന്റെ ആരംഭത്തിൽതന്നെ 1920ൽ ചെല്ലാനം വില്ലേജ് പഞ്ചായത്തും സ്ഥാപിതമായി. പി.കെ.അരുളപ്പൻ പ്രസിഡണ്ടായ ആദ്യ സമിതിയിൽ ലന്തപ്പറമ്പിൽ അഗസ്തീഞ്ഞ്, കളത്തുങ്കൽ ചീക്കുട്ടി, പറയക്കാട്ടിൽ ഫ്രാൻസീസ് ജോസഫ്, പാല്ല്യത്തയ്യിൽ വറുത് സിരുൾ എന്നവർ അംഗങ്ങളായിരുന്നു. പ്രഥമ പഞ്ചായത്ത് സമിതി 1920ൽ അഞ്ച് ഇഞ്ച് ഭിത്തിഘനത്തിൽ പണിത ഒരു കിണർ കേടുപറ്റാതെ പുരാവസ്തുവായി നിലനില്ക്കുന്നു. അരുളപ്പന്റെ ആകസ്മിക മരണത്തെ തുടർന്ന് തുരുത്തേൽ ജോണിനെ അംഗമായി കോ ഒപ്റ്റ് ചെയ്ത് ലന്തപ്പറമ്പിൽ അഗസ്തീഞ്ഞ് പ്രസിഡണ്ടായി പഞ്ചായത്തു പുന:സംഘടിപ്പിച്ചു. പിന്നീട് ചെല്ലാനവും കുമ്പളങ്ങിയും ചേർത്ത് ഗ്രൂപ്പ് പഞ്ചായത്ത് രൂപപ്പെടുത്തിയെങ്കിലും അത് അധികം കാലം പ്രവർത്തിച്ചില്ല. വീണ്ടും കെ.ജെ.ജോബിന്റെ നേതൃത്വത്തിൽ ചെല്ലാനം വില്ലേജ് പഞ്ചായത്ത് രൂപം കൊണ്ടു. പിന്നീട് രാമേശ്വരം വില്ലേജിന് തെക്കുള്ള തീരപ്രദേശം മുഴുവൻ ഉൾപ്പെടുത്തി പ്രായപൂർത്തി വോട്ടവകാശത്തിൽ ചെല്ലാനം ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ചു. ആ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റ് ഇ.എക്സ്. ചെറിയാനായിരുന്നു. അദ്ദേഹത്തിനുശേഷം എ.കെ.ഫെലിക്സ്, ഇ.ബി.കുഞ്ഞു കുഞ്ഞു മാസ്റ്റർ, എം.ടി.സേവ്യർ, വി.ബി.രഘു, കുസുമം ജോസഫ് എന്നിവരും പ്രസിഡന്റുമാരായി പ്രവർത്തിച്ചു.

## സഹകരണം

സഹകരണപ്രസ്ഥാനം കൊച്ചി രാജ്യത്ത് ആരംഭിച്ചപ്പോൾ ചെല്ലാനത്തും ഒരു പരസ്പരസഹായ സംഘം 681-ാംനമ്പരായി രജിസ്റ്റർ ചെയ്തു പ്രവർത്തനം തുടങ്ങി. അന്ന് സംഘം രജിസ്റ്റർ ചെയ്യാൻ 20ൽ കുറയാതെ അംഗങ്ങളും 100ൽ കുറയാതെ ഷെയറുകളും വേണമായിരുന്നു. പി.കെ.ജോൺ 25ഉം, പി.കെ.വിൻസന്റ് 20 ഉം ഷെയറുകൾ എടുത്ത് സംഘം രൂപീകരണം എളുപ്പമാക്കി. സംഘത്തിന്റെ പ്രഥമ പ്രസിഡണ്ട് വി.എസ്. ആൻഡ്രൂസും, സെക്രട്ടറി പി.എ.ചാൾസുമായിരുന്നു. തെങ്ങുകെട്ടു വ്യവസ്ഥയിൽ കർഷകർക്ക് വായ്പനൽകുകയായിരുന്നു സംഘത്തിന്റെ പ്രവർത്തനരീതി. ആരംഭത്തിൽ ഷെയർ എടുക്കാൻ മടിച്ചവർ പിന്നീട് സംഘത്തിന്റെ പ്രധാന ഗുണഭോക്താക്കളായി. പിന്നീട് പ്രസിഡന്റായ പി.ജെ.ഗ്യഗരി സംഘത്തിന് സ്വന്തമായി സ്ഥലം വാങ്ങി, കെട്ടിടം പണിത് സ്ഥാപനവൽക്കരിച്ചു. ടി.എക്സ്.പങ്ക്രേഷിയസ്, എം.ആർ.സെബാസ്റ്റിൻ (അച്ചകുഞ്ഞ്) ഇ.ബി.കുഞ്ഞുകുഞ്ഞ് മാസ്റ്റർ, കെ.എം.ജോർജ്, എഡ്വേർഡ് മൈക്കൾ, എന്നവരും സംഘത്തിന് നേതൃത്വം നൽകി. സംഘം സഹകരണ ബാങ്കായപ്പോൾ പ്രവർത്തന മേഖലയും വിപുലമായി.

## ആഹാരവും ആരോഗ്യവും

രാസവസ്തുക്കൾ ഉപയോഗിക്കാത്ത നെല്ലരിയും, മത്സ്യവുമായിരുന്നു തീരവാസികളുടെ മുഖ്യ ആഹാരം. പച്ചക്കറികൾ പ്രത്യേകിച്ച് ചെല്ലാനം പാവയ്ക്ക അന്നും ഇന്നും പ്രസിദ്ധമാണ്. തീരപ്രദേശത്തെ പ്രധാന രോഗങ്ങൾ കാൽസിയം, ഇരുമ്പ്, വിറ്റമിനുകൾ എന്നിവയുടെ കുറവുമൂലമുണ്ടാകുന്നവയും കുട്ടികളിൽ വിരശല്ല്യവുമാണ്. യൂണസ്കോ പദ്ധതിപ്രകാരം മൾട്ടിവിറ്റമിൻ, അയേൺ, കാൽസിയം ഗുളികകൾ സൗജന്യമായി വിതരണം ചെയ്ത് ആ കുറവുപരിഹരിച്ചു. കുട്ടികളുടെ വിരശല്ല്യം വിര മരുന്നുകൾ മൂലവും ബോധവല്ക്കരണത്തിലൂടെയും പരിഹരിച്ചു.

മദ്യപാനം തീരദേശത്തിന്റെ ശാപമാണ്. പണ്ട് സുലഭമായി ലഭിച്ചിരുന്ന തെങ്ങിൻ കള്ളും, അത് വാറ്റിയെടുക്കുന്ന ചാരായവും വലിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കിയില്ല. തെങ്ങിൻകള്ള് കുറയുകയും ഷാപ്പുകൾ റേഞ്ച് അടിസ്ഥാനത്തിലാകുകയും ചെയ്തപ്പോൾ കൃത്രിമക്കള്ളും രംഗത്തെത്തി. ഒപ്പം റമ്മിന്റെയും, 'കൊട്ടുവടി'യുടെയും ആവിർഭാവമായി. വിലക്കുറവും വീര്യക്കൂടുതലും 'കൊട്ടുവടിക്ക്' അനുകൂലമായപ്പോൾ തജ്ജന്യ രോഗങ്ങളും പെരുകി.

പണ്ട് കണ്ടക്കടവിലായിരുന്നു ഒരു ആശുപത്രി. ഇപ്പോൾ ചെല്ലാനം പഞ്ചായത്തിൽ രണ്ട് പ്രൈമറി ഹെൽത്ത് സെന്ററും രണ്ടു പ്രൈവറ്റ് ആശുപത്രികളും പ്രവർത്തിക്കുന്നു.

## സാഹിത്യം-കല-കായിക സാംസ്ക്കാരിക രംഗം

പണ്ടത്തെ കലാരൂപം ചവിട്ടു നാടകമായിരുന്നു. പള്ളിക്കത്തയ്യിൽ ദേവദോർ അണ്ണാവിയുടെ നേതൃത്വത്തിൽ ഒരു ചവിട്ടുനാടകക്കളരിയുണ്ടായിരുന്നത് ലേഖകൻ കണ്ടിട്ടുണ്ട്.മലയാളസംഗീത നാടകങ്ങളുടെ ജനയിതാവ് വി.എസ്.ആൻഡ്രൂസ് ചെല്ലാനത്തിന്റെ അഭിമാനമാണ്. അദ്ദേഹത്തിന് മലയാള സാഹിത്യലോകം വേണ്ട അംഗീകാരം നൽകിയില്ല. ചിത്രകലാ രംഗത്തെ പ്രതിഭ ക്യാപ്ടൻ കെ.എ.ലുദ്‌വിക്കും ചെല്ലാനത്തുകാരൻ തന്നെ. ബൈബിൾ കഥകളുടെ ചിത്രീകരണത്തിൽ അദ്ദേഹത്തെ വെല്ലുന്നവർ ഇന്നുമില്ല.

കായിക രംഗത്ത് ഏറ്റവും പ്രചാരം 'ബാൾബാഡ്മിന്റ്' നായിരുന്നു. തീരപ്രദേശത്തെ എല്ലാ ഗ്രാമങ്ങളിലും ബാൾബാഡ്മിന്റൻ ടീമുകളും അവ തമ്മിൽ മത്സരങ്ങളും നടത്തിയിരുന്നു. ഫോർട്ടുകൊച്ചിയും, ചെല്ലാനവും അർത്തുങ്കലുമായിരുന്നു പ്രധാന മത്സരവേദികൾ. ആ രംഗത്തെ താരങ്ങളായിരുന്നു- ലന്തപ്പറമ്പിൽ അഗസ്തീഞ്ഞു വക്കമ്മ, അഞ്ചുതൈക്കൽ അഗസ്തീഞ്ഞു ജോർജ്, കോയിപ്പറമ്പിൽ സെബാസ്റ്റിൻ ആന്റണി, പി.കെ.ജോൺ മുതലായവർ.

എറണാകുളം മഹാരാജാസ് കോളേജിലെ മലയാളം പ്രൊഫസറായിന്ന മച്ചിങ്ങൽ നാരായണ മേനോന്റെ നേതൃത്വത്തിൽ 1920 ഏപ്രിൽ 20-ന് ചെല്ലാനം സെന്റ് ജോർജ്ജ് സ്ക്കൂളിൽ വച്ച് ഒരു സാഹിത്യ സംവാദം നടക്കുകയുണ്ടായി. ക്രൈസ്തവ സാഹിത്യം എന്നതായിരുന്നു വിഷയം. അതിൽ നാട്ടുകാരും അന്യനാട്ടുകാരും പങ്കെടുത്തു.

മലയാള നാടക ലോകത്തെ ഭീഷ്മാചാര്യനായിത്തീർന്ന സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞുഭാഗവതരുടെ രംഗപ്രവേശവും ചെറിയാൻ ആൻഡ്രൂസിന്റെ കഥാപ്രസംഗത്തിന്റെ അവതരണവും ചെല്ലാനം സെന്റ് ജോർജ്ജ് സ്ക്കൂളിലായിരുന്നു.

പള്ളികളിലെ ഡെക്കറേഷൻ, മണവറ, പന്തൽ അലങ്കാരങ്ങളുടെ ഉപജ്ഞാതാവ് തുരുത്തേൽ അലക്സാണ്ടറായിരുന്നു. ബൈബിൾ കഥാപാത്രങ്ങളെ മെഴുകിൽ വാർത്തെടുക്കുന്ന അദ്ദേഹത്തിന്റെ കഴിവ് അദ്വീതീയവും അവ ചരടിൽ ചലിപ്പിക്കുന്ന വിദ്യ അതിശയകരവുമായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം മക്കൾക്ക് ആ കലയിൽ താല്പര്യമില്ലാതായപ്പോൾ സഹായിയായിരുന്ന പേറുകുഞ്ഞ് അത് ഏറ്റെടുത്ത് നടത്തി. ഇന്ന് തീരപ്രദേശത്തെ ഡക്കറേഷനുകളുടെ കുത്തക പേറുകുഞ്ഞിന്റെ മക്കൾ നടത്തുന്ന 'മാലാഖ ഡെക്കറേഷ'നാണ്. മേൽ പ്രസ്താവിച്ച പരിപാടികളിൽനിന്ന് പണ്ട് ചെലാനത്തെ സാംസ്കാരിക നിലവാരം വ്യക്തമാകും.

## മതം വിശ്വാസം

തീരപ്രദേശത്തെ ജന സംഖ്യയിൽ മുക്കാൽ ഭാഗവും ക്രിസ്ത്യനികളാണ്. ബാക്കി 25%ത്തിൽ ഈഴവും, പുലയരും, കുടുംബികളും ഏതാനും ബ്രാഹ്മണരും ഉൾപ്പെടും. 13-ാം നൂറ്റാണ്ടു മുതൽ തീരദേശം ലത്തീൻ കത്തോലിക്ക മേഖലയായിരുന്നു. ജോൺ മോന്തെ കാർവിനോയുടെയും (1298) ജോർദാനസ് കത്തലാനി (1324) യുടെയും പ്രേക്ഷിത പ്രവർത്തനഫലമായി കൊല്ലം മുതൽ കോഴിക്കോട്ടുവരെ അനേകരെ ലത്തീൻ കത്തോലിക്കാ വിശ്വാസികളാക്കി. പ്രസ്തുത പ്രവർത്തനങ്ങളിൽ സംപ്രീതനായി 22-ാം യോഹന്നാൻ മാർപ്പാപ്പ ജോർദാനസിനെ 1328ൽ കൊല്ലം മെത്രാനായി വാഴിച്ചു. അങ്ങനെ കൊല്ലം കേരളത്തിലെ ആദ്യ രൂപതയും ജോർദാനസ് ആദ്യ മെത്രാനുമായി. എന്നാൽ ജോർദാനസിന് താനയിൽ വച്ചുണ്ടായ രക്തസാക്ഷി മരണത്തോടെ തീരദേശത്തെ കത്തോലിക്കരിൽ നെസ്തോറിയൻ പാഷണ്ഡത വ്യാപിച്ചു. ചെല്ലാനത്തും അതിശക്തമായി നെസ്തോറിയനിസം നിലനിന്നിരുന്നു. അത് ഉന്മൂലനം ചെയ്ത് കത്തോലിക്ക വിശ്വാസത്തിലേയ്ക്ക് തീരവാസികളെ തിരിയെ കൊണ്ടുവന്നത് പോർച്ചുഗീസുകാരാണ്.

## രാഷ്ട്രീയ രംഗം

ഇന്ത്യ സ്വതന്ത്രയാകുന്നതിന് മുൻപ് നാട്ടുരാജ്യങ്ങളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ശാഖകൾ ഇല്ലായിരുന്നു. പ്രജാമണ്ഡലമാണ് കൊച്ചീ രാജ്യത്ത് പ്രവർത്തിച്ചത്. എന്നാൽ മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്ന ഫോർട്ടുകൊച്ചിയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു ശാഖ ശക്തമായി പ്രവർത്തിച്ചിരുന്നു. അവിടെ സാന്റ്ക്രൂസ് സ്ക്കൂളിൽ പഠിച്ച പി.ജെ.റൈനോൾഡ് എന്ന വിദ്യാർത്ഥി വീറുറ്റ ദേശീയ വാദിയായിത്തീർന്നു. തൽഫലമായി, അദ്ദേഹം തന്റെ വിവാഹത്തിന് യൂറോപ്യൻ വസ്ത്രങ്ങൾ ബഹിഷ്ക്കരിച്ചു (അന്നും ഇന്നും സമ്പന്ന വരന്മാർ സൂട്ടും ഷൂസും ഹാറ്റുമാണ് ധരിക്കുക). എന്നാൽ ഇന്ത്യ സ്വതന്ത്രയാകുന്നതിന് കാൽനൂറ്റാണ്ട് മുൻപു നടന്ന ആ വിവാഹത്തിൽ വരൻ റൈനോൾഡും സുഹൃത്തുക്കളും ഖാദി മുണ്ടും, ഷർട്ടും ഖാദിത്തൊപ്പിയുമാണ് കല്ല്യാണ വസ്ത്രമായി തെരഞ്ഞെടുത്തത്. ലേഖകന്റെ പിതാവ് വരന്റെ തോഴനായിരുന്നു. അക്കാലത്ത് ഫോട്ടോഗ്രാഫി പ്രചാരത്തിലായിട്ടില്ല. തന്മൂലം ആ മഹാസംഭവം ലോകം അറിയാതെ പോയി. ബന്ധപ്പെട്ടവർ ആ പ്രവർത്തിയുടെ മഹത്വം മനസ്സിലാക്കിയുമില്ല. അതുകൊണ്ട് അത് വിസ്മൃതിയിലുമായി! എന്നാൽ ഭാരത സ്വാതന്ത്ര്യത്തിന് കാൽ നൂറ്റാണ്ട് മുൻപ് നടന്ന ആ മഹാ സംഭവം ഭാരതത്തിൽ ചെല്ലാനമെന്ന ഗ്രാമത്തിലായിരുന്നതിൽ ചെല്ലാനത്തുകാർക്ക് അഭിമാനിക്കാം.

ചെല്ലാനത്തെ പ്രജാമണ്ഡലം ശാഖയിൽ സെബാസ്റ്റിൻ കട്ടികാട്, ഗൃഗരി തെക്കേവീട്, പി.ജെ.ഗൃഗരി, കെ.പി.സെബാസ്റ്റിൻ മുതലായവരായിരുന്നു പ്രധാന പ്രവർത്തകർ.

സ്വാതന്ത്ര്യ ലബ്ധിയ്ക്കുശേഷം നാഷണൽ കോൺഗ്രസ്സിന്റെ ശാഖ കൊച്ചീ രാജ്യത്തും ചെല്ലാനത്തും ആരംഭിച്ചു. അപ്പോൾ പ്രജാമണ്ഡലം പ്രവർത്തകരോടോപ്പം കൂട്ടുങ്കൽ സെബാസ്റ്റിൻ, കാരുവള്ളി ജോസെ, കാളിപ്പറമ്പിൽ അന്തപ്പൻ, കളത്തുങ്കൽ ജോബ്, അറക്കപ്പറമ്പിൽ തോമസ് മുതലായവർ പ്രവർത്തിച്ചു. ഏതാണ്ട് അക്കാലത്തുതന്നെ ഇന്ത്യൻ കമ്മൂണിസ്റ്റു പാർട്ടിയുടെ ഒരു സെല്ലും ചെല്ലാനത്ത് പ്രവർത്തനം തുടങ്ങി. പി.ടി. അഗസ്റ്റിൻ, അറക്കൽ ബാസ്റ്റിൻ, അമ്പലത്തുങ്കൽ സേവ്യർ, പി.ജെ.സണ്ണി എന്നിവരായിരുന്നു ആദ്യകാല പ്രവർത്തകർ. പിന്നീട് രാഷ്ട്രീയം ലാഭകരമായപ്പോൾ എല്ലാ പാർട്ടിയിലും ആൾക്കൂട്ടമായി.

ചെല്ലാനം അന്ധകാരനഴി നിവർന്നപ്പോൾ ഏതാണ്ട് മൂന്ന് കിലോ മീറ്റർ തെക്ക് മാറി മറ്റൊരു ചെറിയ അഴി രൂപപ്പെട്ടു. അന്ധകാരനഴി എന്നപേര് പിന്നീട് ആ അഴിയ്ക്കായിത്തീർന്നു. തീരദേശത്തെ അധിക ജലം ഒഴുക്കികളയാനും കൃഷി സംരക്ഷണത്തിനുമായി രൂപപ്പെടുത്തിയ ആ അഴി രണ്ടു തോടുകൾ വഴി എത്തുന്ന വെള്ളം കടലിലേയ്ക്ക് ഒഴുക്കി കളയുക എന്ന ധർമ്മം നിർവ്വഹിക്കുന്നു. വർഷക്കാലത്ത് മനുഷ്യ പ്രയത്നത്താൽ അത് തുറന്നു വിടുമെങ്കിലും, വർഷക്കാലം കഴിയുമ്പോൾ അഴി താനെ അടയുന്നു.

1341 ൽ കൊച്ചഴി രൂപപ്പെട്ട നൂറ്റാണ്ടിൽത്തന്നെ (1400 നകം) ചെല്ലാനം അന്ധകാരനഴി നിവർന്നുകാണും. അതിനാൽ 1498ൽ വന്ന പാർച്ചുഗീസുകാരും പിന്നാലെവന്ന പാശ്ചാത്യരും, ചെല്ലാനം അന്ധകാരനഴി അറിഞ്ഞില്ല.

അഴി എന്ന വാക്കിനുതന്നെ അപവാദമായ മറ്റൊരു അഴിക്ക് ആ പേര് നൽകുകയും കൂടി ചെയ്തപ്പോൾ ദേശീയ ചരിത്രകാരുടെ ദൃഷ്ടിയിൽ നിന്നുപോലും ചെല്ലാനം അന്ധകാരനഴി ഗ്രഹണം (eclipsed) ചെയ്യപ്പെട്ടു. അതാണ് ചെല്ലാനം അന്ധകാരനഴിക്കു നേരിട്ട വിപത്ത്.



മനക്കോടം അന്ധകാരനഴി



കണ്ടേക്കാട് ഗ്യാപ്പ്

## കണ്ടേക്കാട് ഗാപ്പിന്റെ ചരിത്രം

ചെല്ലാനം അന്ധകാരനഴിക്ക് സുമാർ ഒരു കിലോമീറ്റർ വടക്കാണ് കണ്ടേക്കാട് പറമ്പ്. കണ്ടേക്കാട്ടുപറമ്പിൽ ആദ്യം ഉണ്ടായത് 'ഗാപ്പ്'ല്ല , പ്രത്യുത കടലിലേയ്ക്ക് ഉന്തി നിന്ന മുഴപ്പായിരുന്നു(Headland). കടലാക്രമണത്തിന്റെ സംഭാവനയാണ് ഗാപ്പ്.

കടലാക്രമണം ഉണ്ടായപ്പോൾ തീരസുരക്ഷയ്ക്ക് കരിങ്കൽച്ചിറകൾ പണിയാൻ തുടങ്ങി. ആരംഭത്തിൽ ഇടവിട്ട ചിറകളായിരുന്നു. അവ ഫലിക്കാതെ വന്നപ്പോൾ തുടർച്ചയായ ചിറതന്നെ വേണമെന്നായി. മത്സ്യബന്ധനത്തിന് അപ്പോൾ അത് തടസ്സമായി. അവരുടെ താല്പര്യം കൂടി സംരക്ഷിക്കാൻ ചെയ്ത മാർഗ്ഗമാണ് ഗാപ്പ്. ഒന്ന്-രണ്ട് കിലോ മീറ്റർ ഇടവിട്ട് വള്ളങ്ങൾ ഇറക്കാനും, കയറ്റാനും ചെറിയൊരു പഴുത്-ഗാപ്പ് ഏർപ്പെടുത്തിപ്പോന്നു. കണ്ടേക്കാട് ഗാപ്പാണ് ഏറ്റവും വലുത്. ആ ഗാപ്പിന് വലിയൊരു ചരിത്രമുണ്ട്. കൊച്ചീ അഴിയുടെ ചരിത്രത്തോളം പഴക്കമുള്ള ചരിത്രം.

അന്ധകാരനഴി ഒരു മത്സ്യബന്ധന തുറമുഖവുമായിരുന്നെന്ന് മുന്നേ പറഞ്ഞിട്ടുണ്ടല്ലോ. ചെല്ലാനത്തും സമീപ ഗ്രാമങ്ങളിലും ഉണ്ടായിരുന്ന വള്ളങ്ങൾ അന്ധകാരനഴി ഉപയോഗിച്ചു പോന്നു. ആ അഴി മണ്ണടിഞ്ഞ് നിവർന്നപ്പോൾ വള്ളങ്ങൾക്ക് അടുക്കാനും സൂക്ഷിക്കാനും ഒരു സ്ഥലം ആവശ്യമായിത്തീർന്നു.

കണ്ടേക്കാട്ടുപറമ്പിൽ അന്ന് കടൽ വെയ്പ് ഉണ്ടായിരുന്നു. കടലിലേയ്ക്ക് ഉന്തി നിന്ന കടൽ വെയ്പ്പ് ഉദ്ദേശം 200 മീറ്റർ വീതിയുള്ള വൃത്തഖണ്ഡാകൃതിയിലുള്ള ഒരു മുഴപ്പായിരുന്നു. അക്കാലത്ത് ഭൂമിക്ക് കൈവശാവകാശികൾ ഇല്ലായിരുന്നല്ലോ. 420 കൊല്ലത്തിന് ശേഷമാണ് കേട്ടെഴുത്ത്പോലും നടന്നത്. കേട്ടെഴുത്തിൽ തീരവും കടൽ വെയ്പുകളും ഒഴിവാക്കിയിരുന്നു. കടലിലേയ്ക്ക് തള്ളി വിസൃതമായ കടൽവെയ്പ്പ് ഉണ്ടായിരുന്നത് കണ്ടേക്കാട്ടു പറമ്പിൽത്തന്നെ.

പണ്ട് വർഷക്കാലത്ത് ആറുകളിലും അഴികളിലുമായിരുന്നു ഒഴുക്കും ചുഴികളും. അറബിക്കടൽ തിരമാലകൾ ഇല്ലാതെ ഓളമുതിർത്ത് ശാന്തമായി കിടന്നു. 1498 മെയ് 20 മുതൽ ആഗസ്റ്റ് 28 വരെ വാസ്ഗോഡഗാമയുടെ പാക്കപ്പലുകൾ കടലിൽ കിടന്നത് തെളിവ്. തന്മൂലം കടൽവെയ്പ് സ്ഥലവും പരിസരങ്ങളും കടൽ വള്ളങ്ങൾക്ക് സുരക്ഷിത കടവായി. വള്ളങ്ങളെല്ലാം കണ്ടേക്കാട്ട് മുഴപ്പിൽ കേന്ദ്രീകരിച്ചു. ഉപ്പത്തക്കാട് ജലപാതയും കണ്ടേക്കാട് കടവിന് അനുകൂലമായി.

1775ലെ കേട്ടെഴുത്തുപ്രകാരം വലിയ പറമ്പിൽ പഴുക്കൻ ഗോവിന്ദന്റെ പേരിലായിരുന്നു, കണ്ടേക്കാട് മൂലവസ്തു. ആ പറമ്പിന്റെ തെക്കും വടക്കും അതിരുപറമ്പുകൾ പൊള്ളയിൽ മീങ്കു തുമ്മിയുടെയും വത്തൻ തുമ്മിയുടെയും പേരിലായിരുന്നു. എന്നാൽ കണ്ടെഴുത്ത് കാലത്ത് വത്തൻ തുമ്മി പൊളിച്ചെഴുത്തിൽ വസ്തു ഒഴിഞ്ഞുകൊടുത്തപ്പോൾ, പാട്ടം കെട്ടി മീങ്കു തുമ്മി ഏറ്റെടുത്തു. തുമ്മിയുടെ മകൻ ശ്രേണി തന്റെ ഭാര്യ സഹോദരീ പുത്രൻ വറുതിനെ അവിടെ താമസിപ്പിച്ചു. ആ വീടിന്റെ സ്ഥാനത്ത് ഇപ്പോൾ പൊള്ളയിൽ അന്തോണി സേവ്യർ താമസിക്കുന്നു. ഒരു കാലത്ത് സേവ്യറിന്റെ പൂർവ്വികർ തന്നെ വിട്ടൊഴിഞ്ഞതാണ് ആ സ്ഥലം എന്നത് കൗതുകകരം.

അന്ധകാരനഴിയിൽ ഉണ്ടായിരുന്ന ഒരു സൗകര്യം കണ്ടേക്കാട് മുഴപ്പിൽ ഇല്ലാതായി. അഴിയിൽ മീൻ വള്ളങ്ങളും കച്ചവടക്കാരുടെ വള്ളങ്ങളും ചേർത്തിട്ട് മത്സ്യം പകർത്താമായിരുന്നു. എന്നാൽ കണ്ടേക്കാട് മുഴപ്പിൽ അടുക്കുന്നവള്ളങ്ങളിലെ മത്സ്യം ഉല്പത്തക്കാട് തോട്ടിലെ വള്ളങ്ങളിൽ എത്തിക്കേണ്ട അധിക ജോലിയും ചെലവും ഉണ്ടായി.

മുന്നേ പ്രസ്താവിച്ച ശ്രോണിയുടെ മൂത്ത മകൻ വറുത് മദ്ധ്യ പ്രായത്തിൽ അകാലചരമം പ്രാപിച്ചു. പരേതനായ വറുതിന്റെ ഒറ്റമകളെ ആലുമ്പറമ്പിൽ എസ്ത വിവാഹം ചെയ്തു. ധാരാളിയായിരുന്ന എസ്ത വിറ്റ വസ്തുക്കൾ മിക്കതും ശ്രോണിയുടെ രണ്ടാമത്തെ മകൻ കൈപ്പാരി തന്നെ വാങ്ങി.

കൈപ്പാരി സമർത്ഥനും ഊർജ്ജസ്വലനുമായ വ്യാപാരിയും വ്യവസായിയും, സേവന തല്പരനായ മനുഷ്യസ്നേഹിയുമായിരുന്നു. കൊപ്ര-കയർ വ്യവസായവും പലചരക്ക്-തുണി വ്യാപാരവും, കായൽ-കടൽ മത്സ്യ വ്യാപാരവും കൈപ്പാരിയുടെ നിയന്ത്രണത്തിലായിരുന്നു.

കൊച്ചി രാജ്യത്ത് അക്കാലത്ത് കായലുകളിലും പുറമ്പോക്ക് തോടുകളിലും നിന്ന് മത്സ്യം പിടിക്കാൻ ലൈസൻസ് വേണമായിരുന്നു. ആ അവകാശം ഓരോ വില്ലേജിലും സർക്കാർ ലേലം ചെയ്തുകൊടുക്കുകയായിരുന്നു പതിവ്. ചെല്ലാനം വില്ലേജിലെ അവകാശം കൈപ്പാരി ലേലത്തിൽ പിടിച്ചിരുന്നു. ലേലക്കാരൻ നിശ്ചിത തുക ഈടാക്കി മീൻ പിടിക്കാനുള്ള അവകാശം പാസുമൂലം നൽകിപ്പോന്നു. വില്ലേജ് മുഴുവൻ ഉള്ള തോടുകളിലും കായലുകളിലും പാസ് എടുക്കാതെ മീൻ പിടിക്കുന്നത് തടയാൻ തക്ക ശൗര്യമുള്ള വ്യക്തിയായിരുന്നു കാവൽക്കാരൻ അറക്കൽ ഐപ്പ്. അദ്ദേഹത്തിന്റെ മൂപ്പൻ (Foreman) ആയി അറക്കൽ ബർണാർഡും ഉണ്ടായിരുന്നു.

വിദ്യാഭ്യാസ കാര്യത്തിൽ അതീവ തല്പരനായിരിന്നു കൈപ്പാരി. തന്മൂലം തന്റെ മൂത്ത പുത്രന്മാരായ അരുളപ്പനേയും ജോണിനേയും അർത്തുങ്കൽ 1904ൽ ആരംഭിച്ച ലോവർ ഗ്രേഡ് സ്ക്കൂളിൽ ചേർത്തു. ഇരുവരും അവിടെ കോയിപ്പറമ്പിൽ റൈനോൾഡ് എന്ന അദ്ധ്യാപകന്റെ വീട്ടിൽ താമസിച്ചു പഠിച്ചു. പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം അരുളപ്പൻ എറണാകുളത്ത് മഹാരാജാസ് സ്ക്കൂളിൽ തുടർന്നു പഠിച്ചു. എറണാകുളത്തെ വിദ്യാഭ്യാസം കഴിഞ്ഞ് അരുളപ്പൻ നാട്ടിൽ വന്ന് 1917ൽ സെന്റ് ജോർജ്ജ് സ്ക്കൂൾ സ്ഥാപിക്കുകയും മറ്റു സാമൂഹ്യ പദ്ധതികളിൽ ഏർപ്പെടുകയും ചെയ്തു. ജോൺ പ്രൈമറിയോടെ മതിയാക്കി വീട്ടിൽ വന്ന് പിതാവിന്റെ വ്യാപാര-വ്യവസായ രംഗങ്ങളിൽ ഏർപ്പെട്ടു. മൂന്നാമത്തെ മകൻ വൻസെന്റ് പള്ളിത്തോട്ടിൽ 1912ൽ ആരംഭിച്ച പത്താം പീയൂസ് ലോവർഗ്രേഡ് ഇംഗ്ലീഷ് സ്ക്കൂളിൽ പഠിച്ചശേഷം, 1917ൽ അർത്തുങ്കൽ തുടങ്ങിയ സെന്റ് ഫ്രാൻസിസ് അസീസി മിഡിൽ സ്ക്കൂളിൽ ചേർന്നുപഠിച്ചു.

കായൽ-തോട് ലേലങ്ങളിലെ പരിചയം കൈപ്പാരിയെ കണ്ടേക്കാട് മുഴപ്പിലേയ്ക്ക് ആകർഷിച്ചു. കണ്ടേക്കാട പറമ്പിൽ താമസിച്ചിരുന്ന വറുതിന്റെ മൂത്ത മകൻ നിക്ലാവിന്റെ പ്രോത്സാഹനവും കൈപ്പാരിക്ക് ധൈര്യം നൽകി.

കണ്ടേക്കാട് മുഴപ്പിൽ കൈപ്പാരി രണ്ടു പദ്ധതികൾ നടപ്പാക്കി. (1) പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പങ്ക് വ്യവസ്ഥയിൽ വള്ളവും വലയും നൽകുന്ന സമ്പ്രദായം തീരദേശത്ത് നിലവിൽ ഉണ്ടായിരുന്നു. അതനുസരിച്ച് തൊഴിലാളികളും ഉടമസ്ഥനും വരവ് സമമായി ഭാഗിക്കുകയായിരുന്നു പതിവ്. (2) രണ്ടാമത്തേത് കൈപ്പാരിയുടെ നൂതന പദ്ധതിയായിരുന്നു. ഇന്നത്തെ ഓവർഡ്രാഫ്റ്റിന്റെ രീതിയിൽ പാവപ്പെട്ട മീൻ കച്ചവടക്കാരെ സഹായിക്കുന്ന പദ്ധതിയായിരുന്നു അത്. ഓരോ കച്ചവടക്കാരനും അഞ്ചു മുതൽ അൻപത് രൂപവരെ വായ്പ അനുവദിച്ചിരുന്നു. കച്ചവടക്കാർ നേരിട്ട് വള്ളക്കാരോട് മീൻ വിലപറഞ്ഞു ഉറപ്പിച്ചശേഷം വിവരം മൂപ്പൻ (Foreman) നിക്ലാവിനെ അറിയിച്ചാൽ ആ തുകയ്ക്കുള്ള ചീട്ട് നിക്ലാവ് വള്ളക്കാർക്ക് നൽകും. ആ ചീട്ട് മീൻ വള്ളക്കാർ കൈപ്പാരിയുടെ കടയിൽ കൊടുത്ത് തുക സർക്കാർ രൂപ കണക്കിൽ പണമായോ സാധനങ്ങളായോവാങ്ങും. മീൻ വാങ്ങിയ ആൾ പിന്നീട് തുക ബ്രട്ടീഷ് രൂപ ആയി അടക്കണം എന്നായിരുന്നു വ്യവസ്ഥ. (ഒരു സർക്കാർ രൂപയ്ക്ക് 28 ചക്രവും ഒരു ബ്രട്ടീശ് രൂപയ്ക്ക് 28 1/2 ചക്രവുമായിരുന്നു വിനിമയ നിരക്ക്).

വ്യാപാര രംഗത്ത് മരോട്ടിക്കൽ മാതു നാരായണന്റെ നേതൃത്വത്തിൽ തുണിക്കടയും സഹോദരൻ ബത്തുവന്റെ ഉത്തരവാദിത്വത്തിൽ പലചരക്കു കടയും നടത്തി. നിക്ലാവിന്റെ ചീട്ടുകൾ അവർ സ്വീകരിച്ചിരുന്നു.

അർത്തുങ്കലെ വിദ്യാഭാസം കഴിഞ്ഞ് ജോൺ തേങ്ങ, കൊപ്ര, കയർ വ്യവസായങ്ങളും ചെമ്മീൻ പരിപ്പ് കയറ്റുമതിയും, മദ്യഷാപ്പും നടത്തിയിരുന്നു. ഷിപ്പിങ്ങ് ഏജന്റുമാർ മുഖേന കൊച്ചീ തുറമുഖം വഴി റംഗൂണിലേക്കാണ് ചെമ്മീൻ പരിപ്പ് കയറ്റി അയച്ചിരുന്നത്. മേൽ പറഞ്ഞ രംഗങ്ങളിൽ ജോണിന് സഹായികളായി ചക്കുങ്കൽ ബാപ്പു, പൂത്തറ വൈഗ്യൻ കുഞ്ഞ്, പനക്കൽ അച്ചോ തുമ്മി, തയ്യിൽ വിൻസന്റ് ജോർജ്ജ്,

ഇലഞ്ഞിക്കൽ ഗോവിന്ദൻ മുതലായവർ ഉണ്ടായിരുന്നു. അങ്ങനെ ചെല്ലാനത്തെ സാമ്പത്തിക-സാമൂഹ്യ മേഖലകളിൽ കൈപ്പാരിയും, അരുളപ്പനും, ജോണും സാരമായ സംഭാവനകൾ നൽകി.

കച്ചവടക്കാർ വാങ്ങുന്ന മത്സ്യം കുത്യതോട്, പൂച്ചാക്കൽ, വൈക്കം, വെച്ചൂർ, ഏറ്റുമാനൂർ, കോട്ടയം, എടത്വാ, ചങ്ങനാശ്ശേരി, അതിരമ്പുഴ എന്നിവിടങ്ങളിൽ എത്തിക്കുകയും അവിടെ നിന്ന് അന്നുതന്നെ പാല, ഭരണങ്ങാനം, മൂന്നാർ എന്നിവിടങ്ങളിലെ അന്തിച്ചന്തകളിൽ എത്തിക്കുകയും ചെയ്തിരുന്നു. മോട്ടോർ വാഹനങ്ങളെ തോല്പിക്കുന്ന വേഗത്തിൽ ഓരോഘട്ടത്തിലും ബന്ധപ്പെട്ടവർ പ്രവർത്തിച്ചു. ശീതീകരണികളുടെ ആവശ്യം ഒഴിവാക്കി പല നാടുകളിലെ ഒരുപറ്റം മനുഷ്യർ ഒരുമിച്ച് ജാഗ്രതയോടെ പ്രവർത്തിച്ച് വിജയിച്ച സുന്ദരകാലം! ആ സമൃദ്ധി നശിപ്പിച്ചത് കടലാണ്-കടലാക്രമണമാണ്.

30 Jan 08

**പി.ജെ.ടോമി**


1. K.P.Padmanabha Menon - Notes on Visschers Letters from Kerala.
2. എ.ശ്രീധരമേനോൻ, കേരള ചരിത്രം, മാതൃഭൂമി പ്രസിദ്ധീകരണം.
3. ആലപ്പുഴ രൂപത ജൂബിലി സ്മരണിക - പേജ് 99.
4. L.M.Pylee, Arch - Diocese of Varappuzha and St.Thomas Christians. P263